# ബെൽജിയം സർക്കാരിന് ഡയോക്സിൻ വിഷബാധ

ചപ്പുചവറുകൾ കത്തിച്ചുപുകയാക്കുന്ന ഇൻസിനറേറ്റർ സംവിധാനം പുറത്തുവിടുന്ന പുകയിൽ ഡയോക്സിനുകൾ എന്ന രാസപദാർഥങ്ങൾ കലർന്നിരിക്കുന്നുവെന്നും അവ ലോകം കണ്ടിട്ടുള്ള ഏറ്റവും മാരകമായ വിഷപദാർഥമാണെന്നും അതു ശരീരത്തിലെത്തിയാൽ കാൻസറുമുണ്ടാകുമെന്നും ഒക്കെ കഴിഞ്ഞ ലക്കം കേരളീയത്തിൽ എഴുതിയിരുന്നു. ആ ഡയോക്സിനുകളിപ്പോൾ അമേരിക്കയിലും യൂറോപ്യൻ രാഷ്ട്രങ്ങളിലും ജനങ്ങളുടെയും സർക്കാരുകളുടെയും രാഷ്ട്രീയക്കാരുടെയും മുഖ്യ സംസാരവിഷമായിരിക്കുന്നു.

കഥയിങ്ങനെ:-

ഇക്കഴിഞ്ഞ മെയ് 27-ാം തിയതി ബെൽജിയം സർക്കാർ യൂറോപ്യൻ രാഷ്ട്രങ്ങളുടെ പൊതു കമ്മീഷനോട് ഒരു സുപ്രധാന വാർത്ത അറിയിച്ചു - ബെൽജിയത്തിൽനിന്നും കയറ്റി അയച്ച ഇറച്ചിക്കോഴികളിലും മുട്ടകളിലും ഉയർന്ന നിരക്കിൽ ഡയോക്സിനുകൾ ഉള്ളതായി കാണപ്പെട്ടു എന്ന്. വിവരമറിഞ്ഞ ഉടനെ തന്നെ യൂറോപ്യൻ കമ്മീഷൻ സ്വന്തം നിലയിൽ ബെൽജിയത്തിൽനിന്നും വരുന്ന എല്ലാ മാംസപദാർഥങ്ങളും പരിശോധന നടത്തി. പരിശോധനയിൽ കോഴിയിലും മുട്ടയിലും മാത്രമല്ല പന്നിയിറച്ചിയിലും മാരകമായ അളവിൽ ഡയോക്സിനുകൾ കണ്ടെത്തി.

തുടർന്നുള്ള അന്വേഷണത്തിൽ മൃഗങ്ങൾക്കുള്ള തീറ്റയുണ്ടാക്കുന്ന ബെൽജിയത്തിലെ ഒരു കമ്പനിയാണ് കുറ്റക്കാരനെന്നു കണ്ടെത്തി. ആ കമ്പനി ഉണ്ടാക്കിയ തീറ്റകളിൽ എങ്ങിനെയോ അമിതമായ തോതിൽ ഡയോക്സിനുകൾ കലർന്നിരുന്നു. ആ തീറ്റ വാങ്ങി ഉപയോഗിച്ച ഫാമുകളിലെ കോഴികൾക്കും പന്നികൾക്കുമാണ് ഡയോക്സിൻ അളവ് കൂടിയത്.

അന്വേഷണത്തിൽ മറ്റൊന്നു കൂടി അറിവായി. ആ കമ്പനിയുടെ തീറ്റകൾ ബെൽജിയത്തിൽ മാത്രമല്ല ഉപയോഗിച്ചിട്ടുള്ളത്. ഫ്രാൻസിലേക്കും നെതർലാണ്ടിലേക്കും ആ തീറ്റകൾ കയറ്റി അയച്ചുകഴിഞ്ഞിട്ടുണ്ട്.

അതോടെ യൂറോപ്യൻ രാഷ്ട്രങ്ങളിൽ മാത്രമല്ല ബ്രിട്ടനിലും അമേരിക്കയിലും വരെ ആരോഗ്യ മന്ത്രാലയങ്ങൾ ബേജാറായി. ബെൽജിയം, ഫ്രാൻസ്, നെതർലണ്ട് എന്നീ രാജ്യങ്ങളിൽനിന്നും ഇറക്കുന്ന മാംസവും മുട്ടകളും നിരോധിച്ചുകൊണ്ട് അമേരിക്കയും സിംഗപ്പൂരും ജപ്പാനും മലേഷ്യയും യൂറോപ്യൻ രാജ്യങ്ങളും മുതൽ ദക്ഷിണ കൊറിയ വരെ നിരോധന ഉത്തരവിറക്കി.

ബെൽജിയം സർക്കാർ ഈ ഡയോക്സിൻ ബാധ ഫെബ്രുവരിയിൽ തന്നെ അറിഞ്ഞതാണെന്നും എന്നിട്ട് ഗുരുതരമായ ഈ വിവരം മറ്റു രാഷ്ട്രങ്ങളിൽനിന്ന് മറച്ചുവയ്ക്കുകയായിരുന്നു എന്നും പിന്നീടാണറിഞ്ഞത്. അതോടെ മറ്റു രാഷ്ട്രങ്ങൾ ബെൽജിയം സർക്കാരിന്റെ ധാർമികതയെ തന്നെ ചോദ്യം ചെയ്തു. ബെൽജിയത്തിന്റെ മാംസ ഉത്പന്നങ്ങളുടെ മേൽ മറ്റു രാഷ്ട്രങ്ങൾ നിരോധം ഏർപ്പെടുത്തിയതു മൂലം ബെൽജിയത്തിന്റെ സാമ്പത്തിക രംഗം തകരാറിലായി. ആരോഗ്യവകുപ്പ് ജനങ്ങളുടെയും വിദേശ സർക്കാരുകളുടെയും അവജ്ഞയ്ക്കു പാത്രമായി.

എന്തിനധികം പറയുന്നു - ആരോഗ്യവകുപ്പ് മന്ത്രിയും മൃഗസംരക്ഷണ വകുപ്പു മന്ത്രിയും രാജിവച്ചിട്ടും ജനരോഷം അടങ്ങിയില്ല. അവസാനം പ്രധാനമന്ത്രിയും രാജിവച്ചുകഴിഞ്ഞു.

ഡയോക്സിനുകളെ വികസിത വിദേശരാജ്യങ്ങൾ എത്ര മാരക പദാർഥമായിട്ടാണ് കാണുന്നത് എന്നു തെളിയിക്കാൻ ഈ ബെൽജിയൻ ഇറച്ചിക്കഥ ധാരാളം മതി. ഈ ഡയോക്സിനുകളെ ഉത്പാദിപ്പിച്ച് വായുവിൽ കലർത്തുന്ന ഉപകരണമാണ് നമ്മുടെ കേരളത്തിൽ ആശുപത്രികളിലും നഗരങ്ങളിലും വിനോദ കേന്ദ്രങ്ങളിലും സ്ഥാപിക്കപ്പെടാൻ പോകുന്ന ഇൻസിനറേറ്ററുകൾ എന്ന 'ചവറ് സംസ്കരണ പ്ലാന്റുകൾ'